II ഇ.ബി. XIV - കേരള നിയമസഭ/XVIII-4

## പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2020 ഫെബ്രുവരി 06, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

9 (*91) വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, പൊതുവിദ്യാഭ്യാസ മേഖലയിൽ നിലവിലുണ്ടായിരുന്ന അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനും വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുമായി രൂപീകരിച്ചിട്ടുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി

141 സ്കൂളുകളിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും 21 സ്കൂളുകളിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 എണ്ണത്തിന്റെ നിർമ്മാണം ആരംഭിക്കുകയും 10 എണ്ണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്കും 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്കും ഭരണാനുമതി നൽകിയിട്ടുള്ളതു കൂടാതെ പ്ലാൻ ഫണ്ട് ഉപയോഗിച്ചും നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ശുചിമുറികൾ നിർമ്മിക്കുന്നതിനും ഉള്ളവ വൃത്തിയായി സൂക്ഷിക്കുന്നതിനുമായി വൃത്തിയുള്ള ശുചിമുറി എന്ന പദ്ധതിയും നടപ്പാക്കുന്നതാണ്. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്ന തുകയ്ക്കുപുറമെ പി.ഡി. അക്കൗണ്ടിലെ തുക ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ടെന്നും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന 1000 സ്കൂളുകളിൽ ശുചിമുറി നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കഴിഞ്ഞ മൂന്ന് അദ്ധ്യയന വർഷങ്ങളിലായി 2200 സ്കൂളുകൾ പുതുക്കി പണിയാൻ തീരുമാനിക്കുകയും മാർച്ച് മാസത്തോടെ അവ

പൂർത്തിയാക്കുകയും ചെയ്യുന്നതാണ്. ഇതിനായി 3553 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ ബത്തേരിയിൽ സർവ്വജന സ്കൂൾ കെട്ടിട നിർമ്മാണത്തിനായി 5 കോടി രൂപയും ഗവൺമെന്റ് സ്കൂളുകളുടെ ശുചിമുറി നിർമ്മാണത്തിനായി 1,51,20,000/- രൂപയും 1506 സ്കൂളുകളുടെ ശുചിമുറി അറ്റകുറ്റപ്പണികൾക്കായി 1978.5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച് അതാത് എം.എൽ.എ.-മാരെ കൃത്യമായി അറിയിക്കുന്നതാണെന്നും 2020 അവസാനത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള 141 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കുമെന്നും മന്ത്രി അറിയിച്ചു. ഇൻകെലിനെ ഏൽപ്പിച്ച നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുകയും കോൺട്രാക്ടർമാരുടെ ബില്ലുകൾ മാറുന്നതിലെ കാലതാമസവും കൺസ്ട്രക്ഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പരിഹരിക്കുന്നതുമാണ്. നീതി ആയോഗിന്റെ വിലയിരുത്തൽ പ്രകാരം 82 പോയിന്റുകൾ നേടാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടെന്നും ഇത് 100-ലേയ്ക്ക് എത്തിക്കാനാണ് ശ്രമിക്കുന്നതെന്നും കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതാണെന്നും തിരൂർ ബോയ്സ് ഹൈസ്കൂളിന്റെ നിർമ്മാണ പ്രവൃത്തികളുടെ തടസ്സം

സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

10 (*92) നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികളിലെ ഗുണനിലവാരം ഉറപ്പാക്കാൻ സംസ്ഥാനത്തൊട്ടാകെ ക്വാളിറ്റി കൺട്രോൾ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും ഇതിന്റെ ഭാഗമായി കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലുമായി ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ചുവരുന്നതായും വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ പ്രവൃത്തികൾക്കും ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബ് മുഖേനയുള്ള second tier ക്വാളിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഫൈനൽ പേമെന്റ് നടത്തുന്നതെന്നും സഭയെ അറിയിച്ചു. രണ്ട് കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് Standard Bidding Document പ്രകാരം

നിഷ്കർഷിച്ചിട്ടുണ്ട്. റോഡുകൾ ദീർഘകാലം ഈടുനിൽക്കുന്നതിനായി ബി.എം.&ബി.സി., വൈറ്റ് ടോപ്പിംഗ് രീതികളും പരീക്ഷണാടിസ്ഥാനത്തിൽ ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജിയും നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സ്വാഭാവിക റബ്ബർ, കയർ-ജിയോടെക്സ്റ്റൈൽ, പ്ലാസ്റ്റിക് എന്നിവയും റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നുണ്ട്. ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെയും MoRTH-ന്റെയും സ്പെസിഫിക്കേഷനനുസരിച്ചാണ് ദേശീയപാതകളുടെ നിർമ്മാണം നടത്തുന്നതെന്നും 5 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾ EPC (Engineering Procurement Construction) mode-ലാണ് നടപ്പാക്കുന്നതെന്നും ഇത്തരത്തിൽ നടപ്പാക്കുന്ന പീരിയോഡിക്കൽ റിന്യൂവൽ പ്രവൃത്തികൾക്ക് ഡിഫക്ട് ലയബിലിറ്റി പീരിഡായി 3 വർഷവും ഫ്ലക്സിബിൾ പേമെന്റിൽ നിർമ്മിക്കുകയോ സ്ട്രെങ്ത്തനിംഗ് നടത്തുകയോ ചെയ്യുന്ന പ്രവൃത്തികൾക്ക് 5 വർഷവും നിശ്ചയിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളായവർക്കെതിരെ അച്ചടക്ക

നടപടി പുരോഗമിച്ചുവരികയും പാലാരിവട്ടം പാലം നിർമ്മാണത്തിലെ അഴിമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിവരികയുമാണ്. ഈ മാസം 17-ാം തീയതി നടക്കുന്ന യോഗത്തിൽ കോൺട്രാക്ടേഴ്സ് അക്കാഡമി ആരംഭിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതാണ്. റോഡിന്റെ ഉപരിതലം കട്ടികൂട്ടി നിർമ്മിക്കുന്ന കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണെന്നും കരമന-കളിയിക്കാവിള റോഡിന്റെ അവസാന റീച്ചിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ ഉടൻ ആരംഭിക്കുന്നതാണെന്നും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിട്ടുള്ള ചട്ടവിരുദ്ധമായ നടപടികൾ സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിച്ചുവരികയാണെന്നും അഴിമതിരഹിതമായ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നതെന്നും മന്ത്രി അറിയിച്ചു. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഓരോ മണ്ഡലങ്ങളിലെയും റോഡുകളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്നും തിരുവനന്തപുരം നഗരത്തിലെ പൊതുമരാമത്ത് റോഡുകളുടെ സൗന്ദര്യവൽക്കരണത്തിനായി 25 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും അറ്റകുറ്റപ്പണികൾക്കായി 50 ലക്ഷം രൂപ

ചെലവഴിക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അധികാരം നൽകണമെന്ന നിർദ്ദേശം പരിഗണിക്കാവുന്നതാണെന്നും കഴക്കൂട്ടം-അടൂർ സേഫ്റ്റി കോറിഡോർ നിർമ്മാണം അന്തിമഘട്ടത്തിലാണെന്നും കെ.എസ്.ടി.പി. റോഡ് കയ്യേറ്റം സംബന്ധിച്ച് ചീഫ് എഞ്ചിനീയറുമായി ചർച്ച ചെയ്യുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1073 മുതൽ 1441 വരെയുള്ള ചോദ്യങ്ങളിൽ 90 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)